ക്വാഡ് ഷെർപാസ് മീറ്റിംഗ്

ഇന്ത്യയുടെ വിദേശകാര്യ സെക്രട്ടറി ശ്രീ വിക്രം മിസ്രി 2026 സെപ്റ്റംബർ 3-ന് ന്യൂഡൽഹിയിൽ ക്വാഡ് ഷെർപാസ് യോഗം സംഘടിപ്പിച്ചു. ഓസ്ട്രേലിയയിലെ വിദേശകാര്യ, വ്യാപാര വകുപ്പിലെ സ്ട്രാറ്റജിക് പ്ലാനിംഗ് & കോർഡിനേഷൻ ഗ്രൂപ്പ് ഡെപ്യൂട്ടി സെക്രട്ടറി ശ്രീമതി എല്ലി ലോസൺ; ജപ്പാനിലെ വിദേശകാര്യ ഉപമന്ത്രി ശ്രീ ഹിരോയുകി നമാസു; ദക്ഷിണ-മധ്യേഷ്യൻ കാര്യങ്ങൾക്കായുള്ള പ്രത്യേക പ്രതിനിധിയും ഇന്ത്യയിലെ USA അംബാസഡറുമായ ശ്രീ സെർജിയോ ഗോർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

2. 2026 മെയ് 26-ന് ന്യൂഡൽഹിയിൽ നടന്ന ക്വാഡ് വിദേശകാര്യമന്ത്രിമാരുടെ യോഗത്തിന് പിന്നാലെയാണ് ക്വാഡ് 'ഷെർപാസ് യോഗം ചേർന്നത്; ആ യോഗത്തിലെ തീരുമാനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും അടുത്ത ക്വാഡ് വിദേശകാര്യമന്ത്രിമാരുടെ യോഗത്തിനായുള്ള തയ്യാറെടുപ്പുകൾ നടത്തുന്നതിനുമായാണ് ഈ യോഗം വിളിച്ചുചേർത്തത്.

3. നിലവിലുള്ള ക്വാഡ് സംരംഭങ്ങളിലെ പുരോഗതി ഷെർപാസ് വിലയിരുത്തി. പ്രായോഗിക സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള മാർഗങ്ങളെക്കുറിച്ച് അവർ ചർച്ച ചെയ്തു. സ്വതന്ത്രവും തുറന്നതുമായ ഇൻഡോ-പസഫിക് മേഖലയെ മുന്നോട്ട് കൊണ്ടുപോകാൻ ഒരുമിച്ച് പ്രവർത്തിക്കാനുള്ള പ്രതിബദ്ധതയും അവർ പ്രകടിപ്പിച്ചു.

4. സമുദ്രസുരക്ഷയും അതിർത്തികൾ കടന്നുള്ള സുരക്ഷയും, സാമ്പത്തിക അഭിവൃദ്ധിയും സുരക്ഷയും, നിർണായകവും വളർന്നുവരുന്നതുമായ സാങ്കേതികവിദ്യകളും, മാനവിക സഹായവും അടിയന്തര സാഹചര്യങ്ങളിലെ പ്രതികരണവും ഉൾപ്പെടെ ക്വാഡ് സഹകരണത്തിന്റെ പ്രധാന മേഖലകൾ ചർച്ചയിൽ ഉൾപ്പെട്ടു. ഇൻഡോ-പസഫിക് മേഖലയിലെ സംഭവവികാസങ്ങളെക്കുറിച്ചും വിശാലമായ പ്രാദേശിക ആഗോള സാഹചര്യത്തെക്കുറിച്ചും ഷെർപാസ് അഭിപ്രായങ്ങൾ കൈമാറി.

5. പ്രായോഗികമായി നടപ്പാക്കാൻ കഴിയുന്ന വ്യക്തമായ സംരംഭങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ പ്രാധാന്യം ക്വാഡ് ഷെർപാസ് ആവർത്തിച്ചു. അടുത്ത ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിന് മുന്നോടിയായി തുടർ കൂടിയാലോചനകൾക്കായി അവർ ഉറ്റുനോക്കുന്നു.

ന്യൂഡൽഹി

സെപ്റ്റംബർ 03, 2026